പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3370 18.02.2013 -ലെ മറുപടിക്ക്

**റോഡിനോട് ചേർന്ന് കാർഷെഡ് നിർമ്മിച്ചതിനെതിരെ നടപടി**

ചോദ്യം

ശ്രീ. എ.കെ.ശശീന്ദ്രൻ

ഉത്തരം

ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) തിരുവനന്തപുരം ജില്ലയിൽ മുട്ടട കേശവദാസപുരം വാർഡിൽ എൽ.എം.എസ് നഗറിൽ ഹൗസ് നമ്പർ 41 ബി-ൽ താമസിക്കുന്ന ശ്രീ.റോളണ്ട് തോമസ് അദ്ദേഹത്തിന്റെ വീടിന്റെ മുൻപിൽ തുറസ്സായ സ്ഥലത്ത് റോഡ് അതിരുവരെ ചേർത്ത് ഷീറ്റ് റൂഫോടുകൂടി കാർഷെഡ് നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കാർഷെഡ് തറനിരപ്പിൽ നിന്ന് അൽപം ഉയർന്നതിനാൽ റോഡിലേയ്ക്ക് ഇറക്കി ചരിച്ച് കോൺക്രീറ്റ് ഇട്ട് ഉയർത്തിയിട്ടുള്ളതിനാൽ വീടുകളി ലേയ്ക്കുള്ള വാഹന ഗതാഗതം ദുഷ്കരമാകുന്നുവെന്ന് കാണിച്ച് മുട്ടട എൽ.എം.എസ് നഗറിൽ ഹൗസ് നമ്പർ. 39 എ-ൽ ശ്രീ.കെ.ജി.ജയധരനും ഹൗസ് നമ്പർ.40 ൽ ശ്രീ.ജോളി ഡേവിഡും ചേർന്ന് നൽകിയ പരാതിയിൻമേൽ 12.09.2011 ലെ 41400/ആർ.എ2/11 തസ്വഭവ വകുപ്പ് ഇറക്കിയ ഉത്തരവിലെ നിർദ്ദേശ മനുസരിച്ച് ഒരു മാസത്തിനകം നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യണ മെന്നതിന്മേൽ എന്തു നടപടി സ്വീകരിച്ചു വെന്ന് വെളിപ്പെടുത്താമോ? | (ബി) ചട്ടവിരുദ്ധമായി കാർ ഷെഡ് നിർമ്മിച്ചതിനെതിരെയും പൊതുവഴി കയ്യേറി റാംപ് നിർമ്മിച്ചതിനെതിരെയും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 406-ാം വകുപ്പ് അനുസരിച്ച് അനധികൃത നിർമ്മാണം പൊളിച്ച് മാറ്റുന്നതിന് തിരുവനന്തപുരം നഗരസഭ താൽക്കാലിക ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ